"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- മലപ്പുറം ജില്ലയിലെ വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ വെണ്ടേക്കുംപൊട്ടി ജി.എൽ.പി. സ്കൂളിന് വാഹനം വാങ്ങിയ നടപടി സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

G.O.(Rt) No.332/2021/LSGD തീയതി,തിരുവനന്തപുരം, 08/02/2021

പരാമർശം:- 1 30.10.2020ലെ വഴിക്കടവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്.

2 07.01.2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ ക്രമ നം. 4.15 തീരുമാനം.

**<u>ഉത്തരവ്</u>**

എസ്സി എസ്ടി വിഭാഗത്തിൽപെട്ടവരും സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുമുള്ള കുടുംബങ്ങൾ താമസിക്കുന്ന പൊതു ഗതാഗത സൗകര്യങ്ങൾ ഒന്നുമില്ലാത്ത വെണ്ടേക്കുംപൊട്ടി പ്രദേശത്തെ ഏക ആശ്രയമാണ് വെണ്ടേക്കുംപൊട്ടി ജി.എൽ.പി സ്കൂൾ എന്നും കുട്ടികൾ സ്കൂളിൽ എത്തിച്ചേരുന്നതിനു ബുദ്ധിമുട്ട് ആയതിനാൽ 2018-19 വാർഷിക പദ്ധതിയിലെ പ്രോജക്ട് നം. 266/19 പ്രകാരം വെണ്ടേക്കുംപൊട്ടി ജി.എൽ.പി സ്കൂളിന് വാഹനം വാങ്ങൽ എന്ന പദ്ധതി പ്രകാരം പഞ്ചായത്തിന്റെ തനത് ഫണ്ട് വിനിയോഗിച്ച് സ്കൂളിന് വാഹനം വാങ്ങി നല്കി എന്നും ആയതിനു സാധൂകരണം നൽകണമെന്നും വഴിക്കടവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു. വാഹനത്തിന്റെ ആവർത്തന ചെലവുകളും ഡ്രൈവറുടെ വേതനവും സ്കൂൾ പി.ടി.എ ആണ് വഹിക്കുന്നത് എന്നും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാഹനത്തിന്റെ ആവർത്തന ചെലവുകളും ഡ്രൈവറുടെ വേതനവും സ്കൂൾ പി.ടി.എ വഹിക്കണമെന്ന നിബന്ധനയോടെ വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ വെണ്ടേക്കുംപൊട്ടി ജി.എൽ.പി. സ്കൂളിന് വാഹനം വാങ്ങിയ നടപടിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
പ്രസിഡന്റ്/സെക്രട്ടറി, വഴിക്കടവ് ഗ്രാമപഞ്ചായത്ത്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by REENAMMA P A
Date: 2021.02.09 12:51:37 IST
Reason: Approved
സെക്ഷൻ ഓഫീസർ